സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574
June 2025
Vol. 1 Issue 4 pages 72-80
പാലൈ
PALAI பாலை
ISSN No: 3049-0316

# കരുണയും മഗ്ദലനമറിയവും: ആധുനിക മനശ്ശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഒരു താരതമ്യപഠനം



ഡോ. മഞ്ജു വി മധു*

**സംഗ്രഹം**

നിയോ-ക്ലാസിസത്തിൽ നിന്നും കാല്പനികതയിലേക്കുള്ള മലയാള കവിതയുടെ ഭാവുകത്വപരിണാമത്തിന് ചുക്കാൻ പിടിച്ചത് കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരടങ്ങുന്ന നവീനകവിത്രയമാണ് സമാനസ്വഭാവമുള്ള പ്രമേയത്തെ അടിസ്ഥാനമാക്കി അവർ നിർമ്മിച്ചതെന്ന അപൂർവ്വത അവകാശപ്പെടാവുന്ന കാവ്യങ്ങളാണ് മഗ്ദലനമറിയം (വള്ളത്തോൾ), കരുണ (കുമാരനാശാൻ), പിംഗള (ഉള്ളൂർ) എന്നിവ. ലൈംഗിക തൊഴിലാളികളായ സ്ത്രീകളാണ് പ്രസ്തുത കാവ്യങ്ങളിലെ നായികമാർ. ഈ പ്രബന്ധത്തിൽ കരുണ, മഗ്ദലനമറിയം എന്നീ കാവ്യങ്ങളിലെ സാംസ്കാരിക പശ്ചാത്തലം വിലയിരുത്തുന്നു. അതോടൊപ്പം ആധുനിക മനശ്ശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ കഥാപാത്രങ്ങളുടെ മാനസിക ചക്രവാളം അപഗ്രഥിക്കുന്നു.

താക്കോൽ വാക്കുകൾ: വൈകാരിക അരക്ഷിതത്വം (emotional insecurity) - വിഷാദരോഗം (depression) - കുറ്റബോധം (guilt) - ജാള്യത (shame) - സാമൂഹികവിരുദ്ധ വ്യക്തിത്വവൈകല്യം (Anti-Social Personality Disorder)

## കരുണയിലും മഗ്ദലനമറിയത്തിലും: ഒരു താരതമ്യ വിശകലനം

ലൈംഗികത്തൊഴിലാളികളായ സ്ത്രീകൾ സമൂഹത്തിലെ പുഴക്കുത്തേറ്റ വംശമായിട്ടാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ലൈംഗികതയെ കുറിച്ച് ലബ്ധപ്രതിഷ്ഠ നേടിയ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ച സിഗ്മണ്ട് ഫ്രോയ്ഡ്, അനിയന്ത്രിതമായ ലൈംഗിക വാസനയുടെ പരിണതഫലങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. അതിൽ പ്രധാനമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് നിലവിലുള്ള സാംസ്കാരികാവസ്ഥയിൽ നിന്നുള്ള പാർശ്വവത്കരണമാണ്. ലൈംഗിക തൊഴിലാളികളായ സ്ത്രീകളുടെ ഏറ്റവും വലിയ ശാപമാണ് സമൂഹം അവൾക്കുമേൽ

* ഡോ. മഞ്ജു വി മധു, അസിസ്റ്റൻറ് പ്രൊഫസ്സർ, മലയാളം വിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം, കേരളം. Ph: 9446437083, 6282179346. Email: manjuvinod096@gmail.com

പതിപ്പിക്കുന്ന ബിംബങ്ങൾ. 'പിഴച്ചവൾ' എന്ന ബിരുദം ചാർത്തിക്കിട്ടിയ ഒരു പെണ്ണിന് അതിൽ നിന്നൊരു മോചനം ദുഷ്കരമാണ്. ഒപ്പം ശരീരം പങ്കിടുന്നവർ പോലും പകൽ മാന്യതയുടെ മുഖംമൂടി അണിഞ്ഞ് അവളെ അസ്പൃശ്യയായി കണക്കാക്കുന്നു. താത്രിക്കുട്ടി മുതൽ നളിനി ജമീല വരെയുള്ളവരുടെ ചരിത്രം പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം വ്യക്തമാകും. സ്ത്രൈണ ഭാവങ്ങളുടെ സകല ഭാഷ്യങ്ങളെയും ഉപഭോഗവസ്തു എന്ന ഒറ്റ ബിന്ദുവിലേക്ക് ചുരുക്കുന്ന പുരുഷന്മാർ മാത്രമല്ല ഇവിടെ കുറ്റവാളികൾ. പാതിവ്രത്യത്തിന്റെ മേൽവിലാസം പതിച്ച കിട്ടാൻ അവൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്ന സ്ത്രീകളും ഇക്കാര്യത്തിൽ തുല്യ പങ്കാളിത്തമുള്ളവരാണ്.

'കരുണ' എന്ന കാവ്യത്തിലെ ഏറ്റവും ശ്രദ്ധാർഹമായ ഘടകം അതിലെ സാംസ്കാരിക സാഹചര്യം അപഗ്രഥിക്കുമ്പോൾ മേൽ സൂചിപ്പിച്ച രീതിയിലുള്ള ഒരു തമസ്കരണം വാസവദത്തക്ക് നേരിടേണ്ടി വന്നില്ല എന്നതാണ്. തൊഴിലാളി നേതാവും വർത്തകപ്രമാണിയും ഉൾപ്പെടുന്ന സമൂഹത്തിലെ വരേണ്യവർഗ്ഗം വാസവദത്തയുമായി മൈത്രി ആഗ്രഹിച്ചിരുന്നത് നാഗരിക വ്യവഹാരങ്ങളിൽ അവൾ അംഗീകരിക്കപ്പെട്ടിരുന്നതിന്റെ തെളിവാണ്. കാവ്യ പ്രാരംഭത്തിലുള്ള വർണ്ണന വാസവദത്തക്ക് സാമ്പത്തികവും സാമൂഹികവുമായ ഉണ്ടായിരുന്ന ഔന്നത്യം വ്യക്തമാക്കുന്നു.

"കാളിമകാളും നഭസ്സെയുമ്മവയ്ക്കും വെൺമനോജ്ഞ
മാളികയൊന്നിൽ തെക്കേ മലർമുറ്റത്തിൽ"

"മസൃണശിലാസനത്തിൽ ചരിഞ്ഞ പാർശ്വത്തിൽ പുഷ്പ
വിസ്മരസുരഭിയാമുദിയാനത്തിൽ"

നഭസ്സിനെ ഉമ്മ വയ്ക്കുന്ന പോലെയുള്ള ഔന്നത്യമാർന്ന മണിമാളികയാണ് വാസവദത്തയുടേത്. അവൾ ഇരിക്കുന്നത് മാർബിൾ പതിച്ച, പുഷ്പം വിതറിയ ഇരിപ്പിടത്തിലാണ്. പനിനീരിൽ മുക്കിയ രാമച്ചവിശറി വളക്കിലുക്കത്തിന്റെ അകമ്പടിയോടെ തോഴി അവളെ വീശുന്നു. അങ്ങനെ കാമദേവന്റെ പട്ടം കെട്ടാത്ത രാജ്ഞി പോലെ വാണരുളുന്ന മോഹിനിയായ വാസവദത്തയെയാണ് കവി വർണ്ണിക്കുന്നത്.

ഭാരതത്തിൽ നിലനിന്നിരുന്ന ദേവദാസിസമ്പ്രദായത്തിന്റെ പശ്ചാത്തലത്തിൽ വാസവദത്തയുടെ സ്വീകാര്യത വിലയിരുത്താം. നൃത്തം കുലത്തൊഴിലാക്കിയവരാണ് ദേവദാസികൾ. ആദ്യകാലത്ത് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം തേടിയിരുന്ന അവർ പിൻകാലത്ത് മതപരമായ വേശ്യാവൃത്തിയിലേക്ക് കടന്നു. ദേവന്റെ ദാസ്യപദവി അവർക്ക് താലി അറുക്കേണ്ടാത്ത നിത്യസുമംഗലി പദവി നൽകി. ചരിത്രം പരിശോധിക്കുമ്പോൾ ഭാരതത്തിന്റെ മതപരമായ ലൈംഗികത്തൊഴിൽ നിന്ദ്യമല്ല, വന്ദ്യം തന്നെയാണ്. (1)

വാസവദത്തയിൽനിന്നു വ്യത്യസ്തമായി മറിയം നേരിട്ടത് പ്രാന്തവത്കരണത്തിന്റെ ആന്ധ്യമായ തിക്തതയായിരുന്നു. പിതൃമേധാവിത്വത്തിന്റെ വ്യവസ്ഥാപിതമൂല്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന അലംഘനീയമായ ദൈവനിയമങ്ങളുടെ തുലാസിൽ പുണ്യപാപങ്ങൾ അളന്നെടുത്തപ്പോൾ അഗമ്യഗമനം തിരസ്കരിക്കപ്പെട്ട സാമൂഹികാനുഭവമായി. ഗലേലയിലെ സാംസ്കാരിക നിർമ്മിതിയിൽ ഫ്യൂഡൽ വ്യവസ്ഥിതിയോളം ചെന്നെത്തുന്ന ഉച്ചനീചത്വങ്ങളുടെ ഭാഷ്യങ്ങൾ അടങ്ങിയിരിക്കുന്നതായി കാവ്യത്തിലെ സൂചിതങ്ങളിൽ നിന്നും വ്യക്തമാണ്.

പിതൃശാസനാക്രമത്തിന്റെ ഏറ്റവും ദുഷിച്ച വ്യവസ്ഥിതിയാണ് തന്റെ അഭൗമസൗന്ദര്യത്തെ ധനസമ്പാദനത്തിനുള്ള മാർഗ്ഗമായി ഉപയുക്തമാക്കാൻ മറിയത്തിനെ പ്രേരിപ്പിച്ചത്. സാമ്പത്തിക അരക്ഷിതത്വം നിറഞ്ഞ അന്തരീക്ഷത്തിലാണ് മറിയം ജനിച്ചത്. ഫ്യൂഡൽ അധികാരക്കമ്പോളത്തിന് പ്രാബല്യം ഉണ്ടായിരുന്ന സാമൂഹികാവസ്ഥയിൽ മറിയത്തിന് ഒരു ഉപജീവനമാർഗം ചൂണ്ടിക്കാട്ടാൻ ഗലേലയിലെ ഉപരിവർഗ്ഗത്തിന് കഴിയുമായിരുന്നു. പക്ഷേ അവൾക്ക് ലഭിച്ചത് കാമപൂർത്തീകരണത്തിനായി സഹോദരീസ്ഥാനീയയായ സ്ത്രൈണാസ്തിത്വത്തെ മലിനമാക്കുന്ന പുരുഷതൃഷ്ണയുടെ ചതിക്കുഴികളാണ്.

ശീമോന്റെ ഗൃഹത്തിലേക്ക് മറിയം എത്തുമ്പോഴുള്ള അയാളുടെ പ്രതികരണം മേൽസൂചിപ്പിച്ച നിഗമനത്തിന് മതിയായ തെളിവാണ്. മറിയത്തിനെ കാണുമ്പോൾ തന്നെ ശീമോന്റെ മുഖഭാവം മാറുന്നു.

പ്രഥമദർശനത്തിൽ തന്നെ അവഹേളനാർഹയായ പതിതയാണ് തന്റെ മഹത്വമേറിയ ഗൃഹത്തിൽ കടക്കുന്നതെന്ന് അയാൾ ചിന്തിക്കുന്നു.

കാവ്യത്തിലെ ശീമോന്റെ സ്വത്വനിർമ്മിതിയിൽ പ്രതാപദർശനം ഔദ്ധത്യത്തോളമെത്തുന്നു.

യേശുദേവൻ ഗൃഹത്തിലെത്തുമ്പോൾ മുട്ടുകുത്തി നമസ്കരിക്കാനുള്ള മനോഭാവം പോലും ശീമോൻ കാണിക്കുന്നില്ല. ജഗത്തിൽ സർവ്വസമ്പത്തും വിതയ്ക്കുന്ന ദിവ്യമായ തൃക്കരം ചുംബിക്കാൻ തലകുനിക്കുന്നില്ല. അയാളുടെ ഉള്ളിലുള്ളത് ഏഴെട്ടുകാശിന്റെ അഹങ്കാരമാണ്. പ്രപഞ്ചത്തിലെ സർവ്വസമ്പത്തിന്റെയും നാഥനെ, ആത്മീയചൈതന്യത്തിന്റെ അന്തസ്സത്തയെ, നമിക്കാൻ നിസ്സാരനായ വ്യക്തി തയ്യാറാകുന്നില്ല. ഐഹികമായ സമ്പത്ത് മനുഷ്യനിൽ ഉണ്ടാക്കുന്ന മതാന്ധതയെയാണ് കവി വ്യക്തമാക്കുന്നത്.

## വാസവദത്തയും മറിയവും: ഒരു മനശ്ശാസ്ത്ര വിശകലനം

ഒരു വ്യക്തിയെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാനസികഭാവമാണ് പ്രണയം. തികച്ചും വൈയക്തികമായ അനുഭവമായി പ്രണയത്തെ വിലയിരുത്താം. പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും അതിർവരമ്പുകൾ അതിസൂക്ഷ്മമാണെങ്കിലും പ്രണയിയോടും സുഹൃത്തിനോടുമുള്ള മനോഭാവങ്ങൾ തികച്ചും വ്യത്യസ്തമാണ്. പ്രണയത്തെയും തജ്ജന്യമായ ലൈംഗികതയെയും ഒരിക്കലും വാണിജ്യവൽക്കരിക്കാൻ പറ്റില്ല. വ്യാപാരക്രമത്തിൽ നടന്നുവന്ന ലൈംഗികതയുടെ ദൈനംദിനവ്യവഹാരങ്ങൾ സമ്പത്തിനും സുഖഭോഗങ്ങൾക്കുമപ്പുറം ഏകാന്തതാബോധം കൂടി വാസവദത്തക്കും മറിയത്തിനും സമ്മാനിച്ചു. അതിന്റെ പ്രത്യാഘാതങ്ങൾ രണ്ടുപേരുടെയും സ്വത്വബോധത്തിൽ പ്രകടമാകുന്നു. വൈകാരികമായ ആ അരക്ഷിതാവസ്ഥ വാസവദത്തയിൽ പ്രകടമായത് ഉപഗുപ്തനോടുള്ള പ്രണയമായിട്ടാണ്. മറിയത്തിൽ അത് കുറ്റബോധവും ദുരന്തഭീതിയുമായി മാറി.

ലൈംഗികമായ അഭിലാഷങ്ങൾ പൂർത്തീകരിക്കുവാൻ തന്നെ സമീപിക്കുന്ന പുരുഷനെ പരിപൂർണ്ണമായി തൃപ്തിപ്പെടുത്താൻ മറിയത്തിനും വാസവദത്തയ്ക്കും കഴിഞ്ഞിരുന്നു. ഇരുവരും പുരുഷ കാമനകളെ സഫലീകരിക്കുന്ന സ്ത്രൈണഭാവശക്തികൾ തന്നെയായിരുന്നു. അവരുടെ സാമ്പത്തികമായ ഔന്നത്യം അതിനു തെളിവാണ്. ഒരു സ്ത്രീയിൽ നിന്നും ശരീരം പ്രതീക്ഷിക്കുന്ന പുരുഷൻ ആഗ്രഹിക്കുന്നത് മാനസികവും വൈകാരികവുമായ ആത്മബന്ധം കൂടിയാണ്. വാസവദത്തയും മറിയവും തങ്ങളെ തേടിയെത്തുന്നവർക്ക് പ്രണയവും ശരീരവും ഒരുമിച്ച് നൽകി. എന്നാൽ ഉപഭോക്താക്കളിൽ നിന്നും അവർക്ക് ലഭിച്ച മാനസികമായ പ്രതിവ്യവഹാരങ്ങൾ അനുകൂലമായിരുന്നില്ല. ബാഹ്യമായ സ്നേഹപ്രകടനങ്ങൾക്ക് പിന്നിലെ അന്തസ്സാരശൂന്യത വാസവദത്തയും മറിയവും തിരിച്ചറിഞ്ഞതിന്റെ തെളിവാണ് അവരുടെ വൈകാരിക അരക്ഷിതത്വം.

## വാസവദത്ത

മനശ്ശാസ്ത്രജ്ഞർ പ്രണയത്തെ മൂന്നായി തിരിക്കുന്നു: eros, storage, ludas. ഓരോ പ്രണയരീതിയും ലൈംഗികതയുടെ വ്യത്യസ്ത തലങ്ങളെ ഉൾക്കൊള്ളുന്നു. അതിൽ പ്രണയത്തിന്റെയും ലൈംഗികതയുടെയും ഏറ്റവും ശക്തവും ആദർശാത്മകവുമായ തലമാണ് eros. വാസവദത്തയുടെ പ്രണയം eros എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം.

വാസവദത്തയ്ക്ക് ഉപഗുപ്തനോട് തോന്നിയത് മാംസനിബദ്ധമായ രാഗം തന്നെയാണ്. ഒരു പ്രണയത്തിലെ രതിയുടെ സാന്നിധ്യം അതിനെ നിരാർദ്രമാക്കുമെന്ന് കരുതാനാവില്ല. എന്നാൽ വാണിജ്യവൽക്കരിക്കപ്പെട്ട ലൈംഗികത ഉപരിപ്ലവമാണ്. അതിനാലാണ് ദീർഘനാൾ താനുമായി ശരീരം പങ്കിട്ട ഒരു വ്യക്തിയെ വധിക്കാൻ അവൾ തയ്യാറാകുന്നത്. പക്ഷേ ഉപഗുപ്തനോട് അവൾക്കുണ്ടായിരുന്നത് തീവ്രപ്രണയത്തിൽ നിന്ന് ഉത്ഭവിച്ച രതിവികാരമാണ്. അത് അവളുടെ സ്വത്വബോധത്തെ പിടിച്ചുലയ്ക്കുന്നു. ഉപഗുപ്തൻ ഭിക്ഷയ്ക്ക് വന്നിരുന്നെങ്കിൽ കണ്ണുകൾ കൊണ്ടെങ്കിലും ആ ശരീരസുഭഗത ആസ്വദിക്കാമായിരുന്നു എന്ന് അവൾ കരുതുന്നുണ്ട്. 'പക്ഷേ, ഞാൻ കൊതിക്കുന്നത് ആ കോമളന്റെ പ്രണയം മാത്രമാണ്. ഇങ്ങോട്ട് വരാൻ മടിക്കുന്നത് പണമില്ലാഞ്ഞിട്ടാകാം. എന്നെ കണക്കാക്കുന്നത് ഗണികയായി തന്നെയായിരിക്കും.' എന്നും വാസവദത്തയുടെ മനസ്സിലുണ്ട്. അതിൽ നിന്നും ഉപഗുപ്തനോടുള്ള അവളുടെ തീവ്രപ്രണയത്തിന്റെ ആഴം വ്യക്തമാകുന്നു.

ISSN No: 3049-0316

വാസവദത്തക്ക് ഉപഗുപ്തനിൽ നിന്ന് പ്രണയനിരാസത്തിന്റെ രണ്ട് ഘട്ടങ്ങൾ നേരിടേണ്ടിവരുന്നു. ആദ്യം പ്രണയാഭ്യർത്ഥനയുമായി ഉപഗുപ്തനെ സമീപിച്ചപ്പോൾ 'സമയമായില്ല' എന്നാണ് മറുപടി ലഭിച്ചത് ഇതാണ് ഒന്നാം ഘട്ടം. പ്രണയനിരാസത്തിന്റെ ഒന്നാം ഘട്ടത്തിൽ നിരാസം നേരിടുന്ന വ്യക്തിയുടെ ഉള്ളിൽ dopamine, norepinephrine എന്നീ ഹോർമോണുകൾ കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്നു. അതിന്റെ ഫലമായി പ്രണയം കൂടുതൽ തീവ്രമാകുന്നു. പ്രണയിയെ സ്വന്തമാക്കാനുള്ള ആഗ്രഹം ശക്തമാകുന്നു. വൈകിയെങ്കിലും പ്രണയി തന്നെ തേടിവരുമെന്ന പ്രതീക്ഷയും പ്രണയം തിരസ്കരിക്കപ്പെടുന്ന എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാനുള്ള വൈമുഖ്യവും ഈ ഘട്ടത്തിന്റെ ലക്ഷണങ്ങളാണ്. സമാനമായ പ്രതികരണങ്ങൾ വാസവദത്തയിലുമുണ്ടായി. സൗന്ദര്യവും നൃത്തഗീതികളിലുള്ള പ്രാവീണ്യവും കൊണ്ട് തനിക്ക് ഈ ബുദ്ധഭിക്ഷുവിന്റെ ഹൃദയം കീഴടക്കാൻ കഴിയും എന്ന വിശ്വാസം അവളിൽ രൂഢമൂലമായി. അതുകൊണ്ടാണ് ഉപഗുപ്തന്റെ അടുത്തേക്ക് രണ്ടാമത്തെ പ്രാവശ്യം സഖിയെ അയച്ചപ്പോൾ ഇത്തവണ 'എന്റെ ആഗ്രഹങ്ങൾ സഫലമാകും' എന്ന് ഉറച്ചു വിശ്വസിക്കുന്നത്.

പ്രണയനിരാസത്തിന്റെ രണ്ടാമത്തെ ഘട്ടം അതിശക്തമായ വൈകാരിക സമ്മർദ്ദത്തിന്റെ തലമാണ്. ഈ ഘട്ടത്തിൽ പ്രണയനിരാസം നേരിട്ടവർ വിഷാദരോഗം (Depression) പോലെയുള്ള ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നു. സഖി മുഖേനയുള്ള രണ്ടാമത്തെ ദൂത് കൂടി പരാജയപ്പെട്ടപ്പോൾ വാസവദത്തയും മാനസികസംഘർഷത്തിന് അടിമപ്പെടുന്നു. വൈകാരിക അരക്ഷിതത്വത്തിനോടൊപ്പം പ്രണയനിരാസത്തിന്റെ ആഘാതം കൂടിയായപ്പോൾ അവൾ വിഷാദം കലർന്ന മതിഭ്രമാവസ്ഥയിലേക്ക് എത്തുന്നു. അതിനാലാണ് നൃത്തത്തിലുള്ള താൽപര്യക്കുറവ് പോലെയുള്ള ആശങ്കാകുലമായ പെരുമാറ്റരീതികൾ പ്രകടിപ്പിക്കുന്നത്. പ്രണയിയെ പ്രാപിക്കാനുള്ള തിടുക്കം അവളെ മനോവിഭ്രാന്തിയുടെ വക്കോളമെത്തിക്കുന്നു. തന്റെ ധനഭണ്ഡാഗാരത്തിന്റെ ഭാരം കുറയുന്നതായും ശരീരസൗന്ദര്യത്തിന് വിലയിടിയുന്നതായും അവൾക്കനുഭവപ്പെടുന്നു.

"അർത്ഥഭാണ്ഡങ്ങൾ തനം കനം കുറഞ്ഞു പോകുന്നു തോഴീ
യിത്തനുകാന്തി തൻ വിലയിടിഞ്ഞീടുന്നു
വ്യർത്ഥമായ് തോന്നുന്നു കഷ്ടം! മവൻ കാണാതെനിക്കുള്ള
നൃത്തഗീതാദികളിലെ നൈപുണി പോലും"

സ്ഥിരപ്രണയമുള്ള ഗണിക സമൂഹത്തിലെ അപഹാസ്യയാണ് എന്ന യാഥാർത്ഥ്യം വാസവദത്ത തിരിച്ചറിഞ്ഞിരുന്നു. അതിനാലാണ് കച്ചവടതന്ത്രത്തിന്റെ മർമ്മം അറിഞ്ഞ ഒരു വ്യക്തിയെപ്പോലെ അവൾ പെരുമാറുന്നത്. മാനസികസംഘർഷം മറച്ചുവെച്ച് തന്നെ സമീപിച്ച ചെട്ടിയാരെ അവൾ സ്വീകരിക്കുന്നു. അയാളുടെ ഭോഗേച്ഛയും ആനന്ദതൃഷ്ണയും പരമാവധി മുതലെടുക്കുന്നു. എന്നാൽ അതിജീവനത്തിന്റെ ഈ വ്യവഹാരതന്ത്രം അവളുടെ അബോധചേതന ഉൾക്കൊണ്ടിരുന്നില്ല. മാനസികസംഘർഷം അവളെ കൊലപാതക പ്രവണത ഉൾകൊള്ളുന്ന സാമൂഹിക വ്യക്തിത്വ വൈകല്യത്തിലേക്ക് നയിക്കുന്നു (Anti Social Personality Disorder).

നാല്പാമരം അരിഞ്ഞുകൂട്ടിയത്പോലെയുള്ള ശരീരഭാഗങ്ങളുമായി ചുടലക്കളത്തിൽ കിടക്കുമ്പോഴാണ് വാസവദത്തയെ കാണാൻ ഉപഗുപ്തൻ എത്തുന്നത്. ബുദ്ധഭിക്ഷു അവളുടെ വാർനെറ്റി തലോടുന്നു. അവളുടെ ചെവിയിൽ ജ്ഞാനോപദേശം നൽകുന്നു. ഉപഗുപ്തന്റെ സ്പർശം വാസവദത്തയ്ക്കു നൽകുന്നത് അവളുടെ ഉള്ളിൽ നിറഞ്ഞു കിടക്കുന്ന വൈകാരിക അരക്ഷിതത്വത്തിന്റെ ശമനമാണ്. ജീവിതത്തിൽ ആദ്യമായി വാസവദത്തയ്ക്ക് യഥാർത്ഥ പ്രണയം തോന്നിയത് ഉപഗുപ്തനോടാണ്. വിധിവൈപരീത്യമെന്നോണം അത് നിരസിക്കപ്പെടുന്നു. അവസാനം ആ വ്യക്തിയിൽ നിന്നുതന്നെ ശരീരത്തിന്റെ കൊടിയ പീഡനങ്ങളെ പോലും നിസ്സാരവൽക്കരിക്കുന്ന സാന്ത്വനവചസ്സുകൾ പ്രണയത്തിന്റെ വിലോഭനീയസ്പർശമില്ലാതെ തന്നെ അവൾക്ക് ലഭിക്കുന്നു. അതോടെ കെട്ടടങ്ങുന്നത് ഐന്ദ്രിയസുഖത്തിന്റെ പാരമ്യത്തിലും വാസവദത്തയിലുണ്ടായിരുന്ന വ്യർത്ഥതാബോധത്തിന്റെ കനലുകളാണ്.

മേൽ വിവരിച്ച മാനസികാപഗ്രഥനങ്ങളിൽ നിന്നും വൈകാരിക അരക്ഷിതത്വം നിരസിക്കപ്പെട്ട പ്രണയം സൃഷ്ടിച്ച മാനസിക സമ്മർദ്ദവും വാസവദത്തയിൽ വ്യക്തിത്വവൈകല്യങ്ങൾ സൃഷ്ടിച്ചു എന്ന് വിലയിരുത്താം.

 ISSN No: 3049-0316 

**മറിയം**

ഒരു വ്യക്തിയിൽ കുറ്റബോധം സൃഷ്ടിക്കുന്ന മാനസികനില ഏഴ് ഘട്ടങ്ങൾ കടന്നു പോകുന്നതായി മനശാസ്ത്രജ്ഞർ വിലയിരുത്തുന്നു.Self-attribution processes, emotional states, action appraisal, impact on personal identity, suicidality, defensiveness, post-traumatic stress disorder, provene, dimensions of self-structure negatively affected എന്നിവയാണ് ആ ഘട്ടങ്ങൾ.

യേശുക്രിസ്തുവിന്റെ ധർമോപദേശം ശ്രവിച്ചതിനുശേഷം സ്വജീവിതത്തിന്റെ നൈതികതയെ പുനർവിചിന്തനത്തിന് വിധേയമാക്കിയപ്പോൾ ചാരിത്ര്യസംരക്ഷണം എന്ന കടമ നിർവഹിക്കുന്നതിൽ താൻ പരാജിതയായി എന്ന് മറിയത്തിന്ബോധ്യമാകുന്നു. ശരീരവില്പനയിൽക്കൂടി ലഭിച്ച സാമ്പത്തികമായ വരേണ്യത അവളിൽ ആത്മനിന്ദ ഉണ്ടാക്കുന്നു. സ്വന്തമായ ചോദ്യംചെയ്യലിന്റെ ആന്തരികവ്യവഹാരങ്ങളിൽ കൂടി 'ഞാൻ തെറ്റുകാരി ആണ്' എന്ന തിരിച്ചറിവിലേക്ക് മറിയം എത്തുന്നു. കുറ്റബോധത്തിന്റെ Self-attribution എന്ന തലമാണ് ഇവിടെ പ്രകടമാകുന്നത്.

"തത്ര പലേടം തുറന്നു കിടക്കുന്നു
ചിത്രശലഭങ്ങളാം വാതിലുകൾ
തമ്പി തൻ കണ്ണിനു തിന്നും നരകങ്ങൾ
മുന്നിൽ പിളർത്തിയ വായുകളായി"

നരകത്തിന്റെ പിളർത്തിയ വായുകളായി മറിയത്തിന് അനുഭവപ്പെടുന്നത് സ്വഗൃഹത്തിലെ അലംകൃതമായ വാതിലുകളാണ്. ഒരു വ്യക്തിക്ക് ഏറ്റവും അധികം സുരക്ഷിതത്വബോധവും ശാന്തിയും നൽകുന്ന അഭയകേന്ദ്രങ്ങളായ ഗൃഹവാതായനങ്ങൾ, മൃത്യുവിന്റെ രൂപകങ്ങളായി മാറുന്ന വൈരുദ്ധ്യം ഈ വരികളിൽ ഉണ്ട്.

സ്ഫടികനിർമ്മിതമായ, വിസ്തൃതമായ വാതിലുകളിൽ തൂക്കിയിട്ട പട്ടുഞൊറികളുടെ ചലനം ഭീഷണിയുടെ സ്വരമായി മാറുന്നു. തിരശ്ശീല ചലിച്ചത് പൂന്തോട്ടത്തിൽ നിന്നുള്ള കാറ്റേറ്റാണ്. പ്രണയത്തിന്റെ ഉദ്ദീപനവിഭാവങ്ങളായി കാൽപനികത കണക്കാക്കുന്ന ഐന്ദ്രിയസംവേദകബിംബങ്ങൾ വരാനിരിക്കുന്ന ദുരന്തത്തിന് മുന്നോടിയായി രൂപാന്തരംപ്രാപിക്കുന്നു. താലവൃന്തം വീശാനും തലോടാനുമായി എത്തുന്ന പരിചാരകർ ഗൃഹനാഥയെ ഓർമിപ്പിക്കുന്നത് ചുവന്ന തീജ്വാല വമിക്കുന്ന പിശാചുക്കളെയാണ്. സാന്ത്വനദായകങ്ങളായ പരിചരണങ്ങൾക്കെത്തുന്നവർ ഹിംസാത്മകതയുടെ പ്രതീകമായി പ്രത്യക്ഷീഭവിക്കുന്നു.

മേൽപ്പറഞ്ഞ രണ്ട് സന്ദർഭങ്ങളിൽ ദൃശ്യമാകുന്നത് കുറ്റബോധം സൃഷ്ടിക്കുന്ന emotional states എന്ന ഘടകമാണ്. വൈകാരികാഘാതം തീവ്രമാകുന്ന ഈ ഘട്ടത്തിൽ സുഖഭോഗങ്ങളുടെ നിഷേധം ഉൾപ്പെടെയുള്ള വിനിമയവ്യതിയാനങ്ങളിലേക്ക് വ്യക്തികൾ ചുവടുമാറുന്നു.

കുറ്റബോധജന്യമായ വികാരമാണ് ജാള്യത (shame) സാമൂഹിക തലത്തിൽ വിലയിരുത്തുന്നവർ ജാള്യതയെ ആന്തരിക ജാള്യത, ബാഹ്യ ജാള്യത എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു (Internal Shame, External Shame). ബാഹ്യജാള്യത സമൂഹത്തിനോടുള്ള ഭയം എന്ന നിലയിലേക്ക് പോകുന്നതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. മറിയത്തിന്റെ മാനസികനില മേൽസൂചിപ്പിക്കുന്ന തരത്തിലാണ് പ്രാവർത്തികമാകുന്നത്.

വെയിലേറ്റ് പൊള്ളുന്ന ഒരു മണൽക്കാടിന്റെ മദ്ധ്യത്തിലായിട്ടാണ് താൻ നിൽക്കുന്നത് എന്ന് മറിയത്തിന് അനുഭവപ്പെടുന്നു. കാരിരുമ്പു കൊണ്ടുള്ള ശരീരത്തോട് കൂടിയ ചിലർ ആലിംഗനം ചെയ്യാനായി തന്റെ നേരെ പാഞ്ഞടുക്കുന്നതായും അവൾക്ക് തോന്നുന്നു. മറിയത്തിന്റെ ഭയവിഹ്വലമായ അന്തർലോകമാണ് ഇവിടെ വിവരിക്കുന്നത്. താൻ അനുഭവിക്കുന്ന സുഖഭോഗങ്ങളും തനിക്കുണ്ടായ ഭൗതികമായ ഔന്നത്യവും പാപത്തിന്റെ ഫലങ്ങളാണെന്ന് അവൾക്കറിയാം. ശിക്ഷാർഹമായ ആ പാപങ്ങൾ തനിക്ക് ആത്മീയമായ ആത്യന്തിക നാശം ഉണ്ടാക്കുമെന്ന ദുരന്തഭീതിയിലേക്കാണ് അവൾ എത്തുന്നത്. കുറ്റബോധവും തജ്ജന്യമായ ജാള്യതയും ഭയവും അവയുടെ പാരമ്യത്തിൽ വിഷാദരോഗം

(Depression) എന്ന അവസ്ഥയിലേക്ക് എത്തിക്കുന്നു. ബോധമനസ്സിന്റെ തുലനാവസ്ഥ താളംതെറ്റുന്ന സാഹചര്യമാണ് ഡിപ്രഷൻ. ഭ്രമാത്മകത നിറഞ്ഞ ഈ ഘട്ടത്തിൽ വ്യക്തി സ്വയം വിചിത്രഭാവനകൾ (Fantasy) മെനഞ്ഞുണ്ടാക്കുന്നു.

താളം തെറ്റിയ മാനസിക നിലയിൽ ഒരു വ്യക്തി തെരഞ്ഞെടുക്കുന്ന വന്യഭാവനകൾ സ്വന്തം ജീവിത പരിസരങ്ങളിൽനിന്നു തന്നെയായിരിക്കും. ആണധികാരത്തിന്റെ അധീശശക്തികൾ ചാരിത്ര്യ നഷ്ടത്തിന് ശിക്ഷയായി പെണ്ണിന് വിധിച്ചത് ഘോരനരകങ്ങളാണ്. ഒരിക്കൽ സുഖദായകം എന്ന് വിശ്വസിച്ച വസ്തുക്കളെ മറിയം ഭയത്തോടെ വീക്ഷിക്കുന്നു.

അവയെ നരകാനുഭവങ്ങളുമായി ബന്ധപ്പെടുത്തി ഭീകരമായ ഭ്രമകല്പനകൾ മെനഞ്ഞുണ്ടാക്കുന്നു. ഇരുമ്പാണികൾ തറച്ച കിടക്ക, രക്ഷസ്സിന്റെ തീക്ഷ്ണാട്ടഹാസം, ചെന്തീപ്പിശാചുക്കൾ, കാളായസാംഗന്മാർ തുടങ്ങിയ കാവ്യത്തിൽ വർണ്ണിച്ചിരിക്കുന്ന ചിത്രങ്ങൾ എല്ലാം നരകത്തെ ബിംബവത്ക്കരിക്കുന്നു.

വൈകാരിക അരക്ഷിതത്വവും കുറ്റബോധവും കലർന്ന മാനസികനില മറിയത്തിൽ വ്യക്തിത്വവൈകല്യങ്ങൾ സൃഷ്ടിക്കുന്നു എന്ന് സംശയരഹിതമായി ഉറപ്പിക്കാം.

മറിയം തന്റെ ആന്തരിക സംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്തിയത് യേശുക്രിസ്തുവിൽ ആണ്. നിശ്ചയധാർഢ്യത്തിൽ അധിഷ്ഠിതമായ സ്ത്രൈണസത്ത സ്വായത്തമാക്കിയ അതിജീവനത്തിന്റെ ക്രിയാത്മകമായ പ്രതിരോധതന്ത്രം ആണിത്. പരീശനായ ശീമോന്റെ ക്ഷണം അനുസരിച്ച് യേശുക്രിസ്തു അയാളുടെ ഗൃഹത്തിൽ ഭക്ഷണത്തിനെത്തുന്നു. ഇതറിഞ്ഞ് മറിയം അവിടെയെത്തി പശ്ചാത്താപം നിറഞ്ഞ കണ്ണീരിലൂടെ യേശുദേവന്റെ പാദങ്ങൾ കഴുകുന്നു. പട്ടുപോലെ മൃദുലമായ മുടികൊണ്ട് അമർത്തി തുടച്ചിട്ട് ചുംബനങ്ങൾ അർപ്പിക്കുന്നു. 'ആശ്രയിക്കാൻ മറ്റാരുമില്ല' എന്ന ബോധത്തോടെയാണ് അവൾ യേശുവിനെ സമീപിക്കുന്നത്.

"ഏഴയാമെന്നെക്കരേറ്റുവാൻ മറ്റാരു
ണ്ടാഴിക്കു മീതെ നടന്നവനേ"

ശരണം പ്രാപിക്കാനുള്ള ആത്യന്തികസ്രോതസ്സ് ഒന്ന് മാത്രമെന്ന ഉത്തമബോധ്യമുള്ളപ്പോൾ ആശ്രയത്വം അതിതീവ്രം ആയിരിക്കും. അതുപോലെ ഒരു മനോഭാവമാണ് മറിയത്തിന് യേശുദേവനോടുണ്ടായത്. 'ദൈവകൽപ്പനകൾ ധിക്കരിച്ച് ചെയ്യരുതാത്തത് ചെയ്തു' എന്ന ഏറ്റുപറച്ചിലിലൂടെ തന്റെ മനസ്സിലെ ഭാരം മുഴുവൻ അവൾ ഇറക്കിവെക്കുന്നു. കണ്ണുനീർ കൊണ്ടു ഭൂതകാലത്തിന്റെ സ്മരണകളെ പവിത്രീകരിക്കുന്നതോടെ അനശ്വരതയെ പ്രാപിക്കാൻ അർഹത നേടിയ ആത്മനൊമ്പരമായി മറിയം മാറുന്നു. അവളുടെ ഉന്മാദജന്യമായ സ്വതപ്രതിസന്ധികൾ പരിഹൃതമാകുന്നു.

മറിയത്തിന്റെ കളങ്കരഹിതമായ ഭക്തിക്ക് "നിന്റെ വിശ്വാസം നിന്നെ കാത്തു, പാശ്ചാത്താപം തന്നെയാണ് പ്രായശ്ചിത്തം" എന്ന സാന്ത്വനോക്തികളാണ് മറുപടിയായി ലഭിക്കുന്നത്. അതോടെ വിവശമായ അവളുടെ അന്തർലോകം ശാന്തമാകുന്നു. വൈകാരിക അരക്ഷിതത്വം ശമിക്കുന്നു.

വൈകാരിക അരക്ഷിതത്വം നിറഞ്ഞ മാനസികനില മറിയത്തിലും വാസവദത്തയിലും തികച്ചും വ്യത്യസ്തമായ പ്രതികരണങ്ങളാണുണ്ടാക്കിയത്. അതിനു കാരണം അവരുടെ വിശ്വാസങ്ങളും സാമൂഹികപശ്ചാത്തലവും ആണ്.

ഒരു കാലഘട്ടത്തിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട, ഭാരതത്തിന്റെ മതാത്മകപ്രത്യയശാസ്ത്രം ലൈംഗിക തൊഴിലാളികളെ പാപികളായി കണക്കാക്കിയിരുന്നില്ല. അതിനാൽ വാസവദത്തയിൽ കുറ്റബോധത്തിന് സാംഗത്യം ഉണ്ടായിരുന്നില്ല. എന്നാൽ, ബാല്യത്തിൽ ലഭിച്ച ധർമോപദേശങ്ങളുടെ വിശ്വാസതീവ്രതയാലാകാം തന്റെ പ്രവർത്തികളിൽ തെറ്റുണ്ടെന്ന് മറിയം ആദ്യം മുതൽ തന്നെ ചിന്തിച്ചിരുന്നു. സുഖങ്ങളുടെ വിലോഭനീയതയിൽ പിന്നീട് ആ ചിന്ത വിസ്മൃതമാകുന്നു. എന്നാൽ ചാരിത്ര്യധ്വംസനത്തിന്റെ അന്തിമവിധി വ്യക്തമാക്കുന്ന യേശുദേവന്റെ പ്രഭാഷണം അവളിൽ പരിവർത്തനം ഉണ്ടാക്കുന്നു.

 ISSN No: 3049-0316


## ഉപഗുപ്തൻ: ഒരു മാനസികാപഗ്രഥനം

ശ്രീബുദ്ധന്റെ ജ്ഞാനോപദേശത്തിലൂടെ ബോധോദയം ലഭിച്ച അർഹതനാണ് ഉപഗുപ്തൻ. ബുദ്ധമതം അധിഷ്ഠിതമായിരിക്കുന്നത് ആഗ്രഹനിയന്ത്രണത്തിന്റെ സൈദ്ധാന്തികഭൂമികയിലാണ്. ലാവണ്യത്തിടമ്പായ വാസവദത്തയുടെ പ്രണയാഭ്യർത്ഥന സംശയലേശമില്ലാതെ തന്നെയാണ് ഉപഗുപ്തൻ നിരസിക്കുന്നത്. എന്നാൽ വാസവദത്ത അംഗങ്ങൾ വിച്ഛേദിക്കപ്പെട്ട് മരണം കാത്തു ശ്മശാന ഭൂമിയിൽ കിടക്കുമ്പോൾ അദ്ദേഹം അവരുടെ സമീപത്തെത്തുന്നു. ശരീരസൗന്ദര്യത്തിന്റെ നശ്വരതയെ കുറിച്ച് ഉപദേശിക്കുന്നു. ചോരനപഹരിക്കാത്ത ശാശ്വതമായ ശാന്തിയും കാമദേവന്റെ അമ്പേറ്റ് മുറിയാത്ത മനശ്ശോഭയും വാഗ്ദാനംചെയ്യുന്നു. ശ്രീബുദ്ധന്റെ കരുണയിൽ വിശ്വസിക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ട് ശരണരത്നങ്ങൾ മൂന്നും ചെവിയിൽ ഓതുന്നു. അവളുടെ കണ്ണുകളിൽ നിന്നും ഒഴുകിയിറങ്ങിയ കണ്ണുനീർ ഉപഗുപ്തൻ സ്വന്തം കൈകൊണ്ട് തുടച്ചു കളയുകയാണ്. എന്നാൽ വാസവദത്തയുടെ ശരീരം അഗ്നിക്കിരയാകുന്നതോടെ ഉപഗുപ്തന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നു. ചലനങ്ങൾ ചിന്താഭാരം കൊണ്ട് മന്ദഗതിയിലാകുന്നു. ബോധോദയത്തിലൂടെ അജ്ഞാനത്തെ മറികടന്ന അർഹതന്റെ മനശ്ചാഞ്ചല്യമാണ് ഇവിടെ പ്രകടമാകുന്നത്.

ഹിന്ദു ബുദ്ധമതങ്ങൾ പരമമായി കാംക്ഷിക്കുന്നത് ആത്മാവിന്റെ മോക്ഷപ്രാപ്തിയാണ്. ഒരു ജന്മത്തിലെ ആഗ്രഹങ്ങളിൽ നിന്നും മോചനം നേടിയാലേ പുനർജന്മമില്ലാതെ മോക്ഷം ലഭിക്കൂ. വാസവദത്തയുടേത് ആഗ്രഹനിയന്ത്രണത്തിന്റെ അതിർവരമ്പുകൾ ഭേദിച്ച ജീവിതമായിരുന്നു. എന്നാൽ അതീതഭൂതകാലത്തിലെ പാപകർമങ്ങളെ ഭസ്മീകരിച്ച ആശ്വാസവുമായി ശാന്തമായാണ് വാസവദത്ത മരിക്കുന്നത്. അങ്ങനെയുള്ള ഒരു ജീവിതം നിർവ്വാണ പ്രാപ്തിയിൽ എത്തിക്കുക എന്നത് ഒരു ബുദ്ധഭിക്ഷുവിനെ സംബന്ധിച്ച് ചാരിതാർത്ഥ്യജനകമാണ്. അവളുടെ മരണശേഷം ഉപഗുപ്തന്റെ അന്തർലോകം ഉദ്വിഗ്നമാകുന്നു എന്നത് ശ്രദ്ധാർഹ മാണ്. വാസവദത്തക്ക് തന്നോടുണ്ടായിരുന്ന തീവ്രമായ പ്രണയത്തിന്റെ സംവേദനക്ഷമത അതിന്റെ പരിപൂർണ്ണതയിൽ ഉപഗുപ്തൻ ഉൾക്കൊണ്ടിരുന്നു എന്നതാണ് യാഥാർത്ഥ്യം. കൂടുതൽ ഊർജ്ജസ്വലമായി തഥാഗതമാർഗം പ്രാവർത്തികമാക്കേണ്ട അവസരത്തിലാണ് ഉപഗുപ്തൻ ചിന്താഭാരം പേറുന്നത്.

## യേശുക്രിസ്തുവിന്റെ കഥാപാത്രചിത്രീകരണം

പുണ്യപാപങ്ങളുടെ സ്ഥാപനവത്കരിക്കപ്പെട്ട വിശ്വാസങ്ങളെ മറികടന്ന ദൈവികചൈതന്യമായിട്ടാണ് കാവ്യത്തിൽ യേശുക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. 'അപഥസഞ്ചാരിണി' എന്ന് തിരസ്കരിക്കപ്പെട്ടവളുടെ ആന്തരികസാക്ഷ്യങ്ങൾ ഉൾക്കൊണ്ട നൈതികത യേശുദേവൻ പൂർണ്ണമായി തിരിച്ചറിയുന്നു. 'പതിത' എന്ന പേര് പതിഞ്ഞ വ്യക്തിയാണ് മറിയം. അവൾ തന്റെ ഗൃഹത്തിൽ പ്രവേശിച്ചതിൽ ശീമോനുണ്ടായ നീരസം യേശുദേവൻ മനസ്സിലാക്കുന്നുണ്ട്. അതിനെ പൂർണ്ണമായി അവഗണിച്ചുകൊണ്ടാണ് മറിയത്തിന് ക്ഷമയുടെയും ശാന്തിയുടെയും സന്ദേശം നൽകുന്നത്. പാപിയെ സ്നേഹിച്ചുകൊണ്ട് പാപത്തെ വെറുക്കുക എന്ന ആദർശം ഇവിടെ പ്രാവർത്തികമാക്കുന്നു.

ബൈബിൾ ഉയർത്തിക്കാട്ടുന്ന ഏറ്റവും വലിയ മതാത്മകസങ്കൽപ്പനമാണ് പാപികളുടെ മാനസാന്തരം. രോഗികൾക്കാണ് വൈദ്യരെ ആവശ്യമുള്ളതെന്ന അടിസ്ഥാന പ്രമാണം യേശുക്രിസ്തു ധാർമികതയുടെ ഭൂമികയിലേക്കെത്തിക്കുന്നു. മനുഷ്യന്റെ പാപങ്ങൾ ഏറ്റെടുക്കാൻ എന്ന ദൗത്യനിർവഹണത്തിനായി ഭൂമിയിൽ എത്തുന്ന ദൈവപുത്രൻ പാപികളുടെ മാനസാന്തരം പ്രകടനപത്രിക ആക്കിയത് സ്വാഭാവികം മാത്രമാണ്.

## കരുണയും മഗ്ദലനമറിയവും: ആത്മീയതയുടെ ഭാഷ്യങ്ങൾ

മതം എന്നത് ആസ്തികനായ ഒരു വ്യക്തിയുടെ ധാർമികബോധത്തിന്റെ അടിത്തറയായി മാറുന്ന സന്ദർഭങ്ങളുണ്ട്. മനോവിഭ്രാന്തികളെ ശാന്തമാക്കാൻ ധ്യാനം ഉൾപ്പെടുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന മനശ്ശാസ്ത്രവും വിശ്വാസത്തിന്റെ മഹത്വം ഉദ്ഘോഷിക്കുന്ന മതവും സമാനദശയിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്. അരികുവൽക്കരിക്കപ്പെട്ടവരെ ഉൾക്കൊള്ളാൻ തയ്യാറാകാത്ത ഉപരിവർഗ്ഗ

വരേണ്യതയുടെ അധികാരപ്രമത്തതയെ മറികടന്ന് ഉദാത്തമായ ഒരു സാമൂഹിക പരിണാമം സാധ്യമാക്കുന്ന വിപ്ലവശ്രമമാണ് യേശുക്രിസ്തുവും ശ്രീബുദ്ധനും നടപ്പിലാക്കുന്നത്. വ്യക്തികളുടെ അബോധചേതനയെ തന്നെ പരിവർത്തനപ്പെടുത്തുന്ന രീതിയിൽ ആത്മീയതയുടെ തലത്തിൽ നടത്തുന്ന വ്യക്തിത്വരൂപവൽക്കരണമാണ് കരുണയിലും മഗ്ദലനമറിയത്തിലും അന്തർപാഠങ്ങളായി മാറുന്നത്. ഈ കാവ്യങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ വാർപ്പുമാതൃകകളായ കന്യക, പതിവ്രത തുടങ്ങിയ കുലീനബിംബങ്ങളെ മഹത്വവൽക്കരിക്കുന്നു എന്ന് വാദിക്കാം. പുരുഷാധിപത്യപരമായ സാമൂഹികവ്യവസ്ഥയുടെ മതിൽക്കെട്ടിനുള്ളിൽ അപ്രതിരോധ്യമായ വിധി പോലെ ശരീരവില്പന എന്ന മാർഗ്ഗം തെരഞ്ഞെടുത്തു എന്ന സ്ത്രീപക്ഷചിന്താഗതിയും ഇവിടെ പ്രാവർത്തികമാക്കാം. മനുഷ്യന ലിംഗഭേദമില്ലാതെ വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യം സ്വന്തം ശരീരത്തിലുണ്ട് എന്നത് സത്യമാണ്. പക്ഷേ, പുരുഷമേധാവിത്വത്തിന്റെ സൈദ്ധാന്തിക അടിത്തറയിൽ പടുത്തുയർത്തപ്പെട്ട സമൂഹത്തിൽ ശരീരത്തെ ആഘോഷിക്കുന്ന സ്ത്രീകൾ നേരിടുന്ന അന്യവത്കരണത്തിന്റെ അനാഥവിഷാദത്വം ഒരു സാമൂഹികസമസ്യയായിതന്നെ തുടരുന്നു. അതിന് ഒരു പരിഹാരമെന്നോണം വിശുദ്ധി എന്ന പരികൽപനയെ ആത്മീയതയുടെ ഭാഷ്യങ്ങളിൽ കൂടി അതിഭൗതികതലത്തിലേക്കുയർത്തുന്നു എന്ന ദൗത്യം അപഗ്രഥന വിധേയമായ രണ്ടു കാവ്യങ്ങളും നിർവഹിക്കുന്നു.

## നിഗമനങ്ങൾ

കരുണയും മഗ്ദലനമറിയവും താരതമ്യപ്പെടുത്തി മേൽ വിവരിച്ച അപഗ്രഥനങ്ങളിൽനിന്നും താഴെപ്പറയുന്ന നിഗമനങ്ങൾ ക്രോഡീകരിക്കാം.

1. 'കരുണ'യിലെയും 'മഗ്ദലനമറിയ'ത്തിലെയും സാംസ്കാരിക പശ്ചാത്തലങ്ങൾ വ്യത്യസ്തമാണ്. കരുണയിലെ നായികയായ വാസവദത്ത സാമൂഹിക വ്യവഹാരങ്ങളിൽ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ മഗ്ദലനമറിയത്തിലെ നായികയായ മറിയം സമൂഹത്തിൽ നിന്നും ബഹിഷ്കൃതയായ, പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തിയാണ്.
2. വാസവദത്തയും മറിയവും വൈകാരിക അരക്ഷിതത്വം നേരിടുന്നുണ്ട്. വാസവദത്തയിൽ അത് ഉപഗുപ്തനോടുള്ള പ്രണയമായി പരിണമിച്ചു. മറിയത്തിൽ കുറ്റബോധവും ദുരന്തഭീതിയുമായി മാറി.
3. വാസവദത്തയും മറിയവും തങ്ങളുടെ ആരാധ്യപുരുഷന്മാരിൽ നിന്നും വൈകാരിക അരക്ഷിതത്വത്തിന് ശമനം നേടുന്നു. ഇരുവരും തങ്ങളുടെ മതവിശ്വാസങ്ങൾക്ക് അനുസൃതമായ ആത്മീയ ഔന്നത്യം കരസ്ഥമാക്കുന്നു. വാസവദത്ത ശാരീരിക പീഡനങ്ങളെ മറികടക്കുന്ന മനഃശാന്തിനേടി നിർവ്വാണ പദവിയിലേക്കുയരുന്നു. മറിയം തന്റെ പ്രായശ്ചിത്തം സ്വീകരിക്കപ്പെട്ടതിന്റെ ആത്മസാഫല്യം കൈവരിക്കുന്നു. രണ്ടുകാവ്യങ്ങളിലും നായികമാരുടെ ഭഗ്നമായിരുന്ന അന്തശ്ചോദനകളുടെ പുനർനിർമ്മിതിയാണ് ദൃശ്യമാകുന്നത്.

## അടിക്കുറിപ്പുകൾ

1. ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് ദേവദാസിസമ്പ്രദായം മതാചാരങ്ങളുടെ ചുവടുപിടിച്ചാണ് വളർന്നത് എന്നാണ്. കാലാന്തരത്തിൽ മിക്ക ക്ഷേത്രങ്ങളിലെയും ദേവദാസികൾ വേശ്യാവൃത്തിയിലേക്ക് അധഃപതിച്ചു പോയി. ചെറുപ്പത്തിൽ തന്നെ പെൺകുട്ടികളെ ക്ഷേത്രത്തിലേക്ക് ഉഴിഞ്ഞുവിടുക പതിവായിരുന്നു. അവിടെവെച്ച് അവർ എഴുത്തും വായനയും പഠിക്കുകയും, പാട്ടുകയും ആട്ടുകയും മനോഹരമായ വേഷഭൂഷാദികൾ അണിയുകയും ചെയ്യും. പതിമൂന്ന് വയസ്സ് എത്തുമ്പോൾ സുബ്രഹ്മണ്യനെ വിവാഹം കഴിച്ച് ദേവകളത്രമായി മാറും. സാമ്പത്തിക വ്യവസ്ഥിതിയുടെ കേന്ദ്രസ്ഥാനം ക്ഷേത്രങ്ങളായി പരിണമിച്ചതോടെ ദേവകളത്രമായ ദേവദാസികൾ പണത്തിന്റെയും പ്രതാപത്തിന്റെയും കേദാരമായി മാറി.
2. Since the 1960s, social scientist have attempted to offer and understanding of men's procurement of sexual services by applying peerthical positions to explain this social practice. The work of Sanders I am more recently that of Milrod and Weitzer men's emotional and lnki machine needs are evidenced as reasons for the procurement of sexual services.

   In terms of men and emotions as Seilder has noted traditionally men have relate upon women to provide them account and understanding of what they are experienceing in their emotional lives. It is therefore not surprising that men may get their responsibilities in convenient relationships when it is only women who perform key aspects of maintaining a romantic relationship.

 ISSN No: 3049-0316 

3. The three primary love styles are Eros storage and Ludas. Eros ise passionate kind of love that is characterized by strong emotions and intense physical longing for the loved one what we are likely to think of when we think about romantic love. The lovestyles are associated with specific sexual attitudes.
4. Lewis, Amini and Lannon debate romantic rejection into two general Phases. Protest is the first stage during this stage abandoned |overs| express intense energy hightened alertness and extreme motivation to win back there beloved. The lovers begin to love their rejecting partner even more passionately when a reward is delayed in coming reward expecting neurones prolong their activity and activity expecting protest and the dopaminergic reward system is associated with feelings of Intense love. This protest response is associated with elevated activity of dopamine and norepinephinephrine.

   The second general phase of romantic rejection maybe associated with reduce activity in subcortial dopaminergic pathways. Long term stress suppresses the activity of dopamine producing depression.
5. വ്യക്തിയുടെ ബോധമണ്ഡലത്തിലെ ഇച്ഛകളും പ്രവണതകളും ബാഹ്യലോകത്ത് സ്വീകാര്യമല്ലാതെ വരുമ്പോൾ അവയെ അബോധത്തിലേക്ക് അമർത്തുന്നു. ഇങ്ങനെ മനസ്സ് സ്വയം നിയന്ത്രണത്തിന് വിധേയമാകുന്ന പ്രക്രിയയാണ് ദമനം. മനോനിയന്ത്രണത്തിനുള്ള കരുത്ത് ഓരോ വ്യക്തിയിലും വ്യത്യസ്തമായിരിക്കും. അടിച്ചമർത്തപ്പെട്ട വികാരങ്ങൾ സൃഷ്ടിക്കുന്ന സംഘർഷങ്ങൾ ചിലരിൽ വ്യക്തിത്വവൈകല്യങ്ങൾ സൃഷ്ടിക്കുന്നു.
6. The doctrine of Karma and rebirth taken as a systematic rational account of human suffering by which all individual suffering is explained as a result of that individuals wrong doing is unsuccessful as a theodicy. The doctrine of Karma should be taken in a literastic sense as a system of moral accounting but rather be understood figuratively mysteries of Indian religion such as the ultimate unity of atman the individual self and Brahman (the ground of being)
7. Post-traumatic shame and guilt are fraternal concepts with unique characteristics whose origins are rooted in the nature of personal trauma. Post-traumatic shame and guilt can be meaningfully compared across eight psychological dimensions: self attribution processes, emotional states and capacity for affect regulation, appraisal and interpretation of acts, the impacts of shame and guilt on personal identity, suicidality, defensive patterns, proneness to PTSD, and dimensions of self-structure adversely affected by states of shame and guilt.
8. Is the fact of having committed an offence are crime, a feeling of having done wrong or failed in an obligation. Same is a feeling of humiliation of discuss caused by the conscious of wrong or foolish behaviour., dishonour, a person or thing being dishonoured, a cause to feel ashamed.

## സഹായകഗ്രന്ഥങ്ങൾ

1. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, 2010, കേരളചരിത്ര ധാരകൾ, മാളുബൻ പബ്ലിക്കേഷൻസ്, ആറയൂർ, തിരുവനന്തപുരം.
2. ഫ്രോയ്ഡ് സിഗ്മണ്ട്, 2010, പ്രണയത്തിന്റെയും ലൈംഗീകതയുടെയും മനശ്ശാസ്ത്രം, (വിവ : എ. എസ്. അയൂബ്.) പാപ്പിയോൺ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. Karin Sternberg, 2013, The Psychology of Love, Spring Publishing Company, New York.
4. Robert J Sternberg & Karin Weis, 2006, The New Psychology of Love, Yale University Press, London.
5. Seterch Javad, et al, 2017, Emotional Memory and Emotional Intelligence of Individuals Diagnosed with Anti-Social Personality Disorder Experimental Pretent Past Design, Global Journal of Health Science, Vol. 9, No. 10, P. 13.
6. Whitley R P Kauffman, 2005, Karma, Rebirth and the Problem of Evil, University of Hawaii Press, Kolowalu Stree, Honolulu.
7. John p Wilson, Boriz Dronzdek and Silavana Turkovie, 2006, Post-Traumatic Shame and Guilt, Sage Publications.